# തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : ശ്രീ. പി.ആർ സജികുമാർ)

വിഷയം : തസ്വഭവ - ജീവനക്കാര്യം - ക്ലർക്കുമാർക്ക് നൽകിയ താൽക്കാലിക സ്ഥാനക്കയറ്റം ക്രമവത്കരിച്ചത് - ഭേദഗതി വരുത്തി ഉത്തരവാകുന്നു.

സൂചന : ഈ ഓഫീസിലെ 08.12.2016-ലെ എ1-1001/2013/സിഇ/തസ്വഭവ നമ്പർ ഉത്തരവ്

## ഉത്തരവ് നം. എ1-1001/2013/സി.ഇ/തസ്വഭവ (Vol II) തീയതി 18.09.2017

തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിച്ചത് ജലസേചന, പൊതുമരാമത്ത് വകുപ്പുകളിൽ നിന്ന് സ്ഥിരമായി ഓപ്ഷൻ നൽകി വന്ന ക്ലർക്കുമാരുടെ അന്തിമ മുൻഗണനാപ്പട്ടിക 22.11.2013-ന് പ്രസിദ്ധീകരിക്കുകയും, ആയതിന് ശേഷം നിലവിലുണ്ടായിരുന്ന ഒഴിവുകളിലേക്ക് സീനിയർമോസ്റ്റായ ക്ലർക്കുമാരിൽ നിന്ന് സ്ഥാനക്കയറ്റത്തിന് യോഗ്യത നേടിയവരെ സീനിയർ ക്ലർക്കായി 25.11.2013-ലെ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം നൽകുകയുണ്ടായി.

17.06.2014, 11.08.2014 എന്നീ തീയതികളിലെ ഈ ഓഫീസിലെ ഉത്തരവുകൾ പ്രകാരം ഈ വകുപ്പിലെ ക്ലർക്കുമാരുടെ അന്തിമ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെട്ട ഓപ്റ്റീമാരിൽ പ്രൊബേഷൻ പൂർത്തീകരിച്ചവരും എന്നാൽ നിർദ്ദിഷ്ട വകുപ്പുതല യോഗ്യതാപരീക്ഷ വിജയിക്കാത്തവരുമായ 56 പേരെ 24.05.2016-നകം നിർദ്ദിഷ്ട വകുപ്പുതല യോഗ്യതാ പരീക്ഷ വിജയിക്കണമെന്ന നിബന്ധനയോടെ സീനിയർ ക്ലർക്കായി താൽക്കാലിക സ്ഥാനക്കയറ്റം നൽകി നിയമിക്കുകയുണ്ടായി.

24.05.2016-നകം നിർദ്ദിഷ്ട വകുപ്പുതല യോഗ്യതാപരീക്ഷ വിജയിച്ച 19 സീനിയർ ക്ലർക്കുമാരെ യോഗ്യതാ പരീക്ഷ വിജയിച്ച തീയതി വച്ച് ക്രമവത്കരിച്ച സൂചന ഉത്തരവിൽ ഉൾപ്പെട്ട ക്രമ നം. 1, ശ്രീ. വിനോദ് കുമാർ. ടി.കെ, ക്രമ നം. 2 ശ്രീ. വേലായുധൻ മനാറയ്ക്കൽ എന്നിവർ ഈ വകുപ്പിൽ ആദ്യമായി സീനിയർ ക്ലർക്ക് സ്ഥാനക്കയറ്റം നൽകിയ 25.11.2013 ഉത്തരവിൽ ഉൾപ്പെടേണ്ടവരായിരുന്നതിനാൽ ടിയാൻമാരെ **25.11.2013 തീയതി പ്രാബല്യത്തിൽ** താൽക്കാലിക സ്ഥാനക്കയറ്റം ക്രമവത്കരിച്ച് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

പകർപ്പ്

വ്യക്തികൾക്ക് (ബന്ധപ്പെട്ട നിയന്ത്രണാധികാരി മുഖേന)

അംഗീകാരത്തോടെ,

**ജൂനിയർ സൂപ്രണ്ട്**
(അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധികചുമതല)

കോപ്പി :
1) അക്കൗണ്ടന്റ് ജനറൽ, കേരള - തൃശ്ശൂർ
2) ബന്ധപ്പെട്ട ട്രഷറികൾക്ക്
3) എല്ലാ ജില്ലാപഞ്ചായത്ത് ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക്
4) ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർമാർക്ക്
5) ബിൽ / കരുതൽ ഫയൽ / ഓഫീസ് കോപ്പി
6) സീനിയോരിറ്റി സെക്ഷൻ (ബന്ധപ്പെട്ട സീനിയോരിറ്റി ലിസ്റ്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന്)

P 1477